## 14.12.2017-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ പത്താമത് യോഗത്തിന്റെ നടപടിക്രമം

യോഗം രാവിലെ 11..00 ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ വരുംകാല ഇടക്കാല റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വലിയ തോതിൽ വെളിച്ചം വീശുന്ന നാല് പരിപാടികളാണ് നവംബർ , ഡിസംബർ മാസങ്ങളിലായി കമ്മീഷൻ നടത്തിയതെന്നും പങ്കെടുത്തവരുടെ പ്രാതിനിധ്യ സ്വഭാവം കൊണ്ടും , അവിടങ്ങളിൽ ഉയർന്നു വന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഗൗരവം കൊണ്ടും ഇവ ശ്രദ്ധേയമായിരുന്നു എന്നും ചെയർ മാൻ ആമുഖമായി വിലയിരുത്തുകയുണ്ടായി.

കമ്മീഷന്റെ ഇനിയുള്ള പ്രവർത്തനങ്ങൾ കുറച്ചുകൂടി വേഗത്തിലും , ചടുലതയോടും കൂടി മുന്നോട്ടുകൊണ്ടുപോകണം. രണ്ടാമത് റിപ്പോർട്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം , അതിനുള്ള പ്രവർത്തനങ്ങൾ കുറച്ചുകൂടി ഫോക്കസ്ഡ് ആയി നടത്തണം , ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കണം എന്നും ചെയർമാൻ നിർദ്ദേശിച്ചു.

ക്ഷേമനിയമങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടത്തിയ പബ്ലിക് ഹിയറിംഗിന് സമാനമായ പരിപാടികൾ സംസ്ഥാനത്തെ മറ്റ് മൂന്ന് മേഖലകളിൽ കൂടി നടത്തേണ്ടതുണ്ട് , കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങളുടെ സമഗ്രമായ അവലോകന റിപ്പോർട്ടിന്റെ അവസ്ഥ എന്താണെന്ന് ഇന്നത്തെ യോഗത്തിൽ പരിശോധിക്കേണ്ടതുണ്ട് എന്നും ചെയർമാൻ ചൂണ്ടിക്കാട്ടി.

കമ്മീഷന്റെ ഓഫീസ് നിർമ്മാണ പ്രവർത്തനം അനിശ്ചിതമായി ഇഴഞ്ഞു നീങ്ങുന്നത് ശരിയല്ല . ഇക്കാര്യം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട് , 'കില'യുമായുള്ള സഹകരണം , പൊതുജനങ്ങളുമായി സംവദിക്കുന്നതു സംബന്ധിച്ച രീതിശാസ്ത്രം എന്നിവയെല്ലാം എങ്ങനെ വേണമെന്നതിനെപ്പറ്റിയും കൃത്യമായ ധാരണകൾ രൂപീകരിക്കേണ്ടതുണ്ട്, പൗരകേന്ദ്രീകൃത സേവനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട് അടുത്ത മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുന്ന തരത്തിൽ കമ്മീഷന്റെ ഭാവി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട് എന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

ചെയർമാന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മെമ്പർ സെക്രട്ടറിയുടെ വിശദീകരണവും കമ്മീഷൻ അംഗങ്ങളുടെ അഭിപ്രായങ്ങളും തുടർന്ന് ചർച്ച ചെയ്തു. അജണ്ടയിലെ വിഷയങ്ങൾ ക്രമമായി ചർച്ചചെയ്ത് വിലയിരുത്തലുകളും തീരുമാനങ്ങളും എടുക്കുകയുണ്ടായി.

**<u>തീരുമാനങ്ങൾ</u>**

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 24.10.2017 ലെ ഭരണപരിഷ്കാര കമ്മീഷന്റെ ഒമ്പതാമത് യോഗം മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 24.10.2017-ലെ ഭരണ പരിഷ്കാര കമ്മീഷന്റെ 9-ാമത് യോഗതീരുമാനങ്ങൾ - നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |
| 3 | വകുപ്പുതല/സ്ഥാപനതല കമ്മറ്റികൾ-3.11.2017 ന് കമ്മീഷൻ വിളിച്ചു ചേർത്ത ബന്ധപ്പെട്ടവരുടെ യോഗം - അവലോകനം. | ഇതു സംബന്ധിച്ച അവലോകന റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു . വകുപ്പുകളിൽ നിന്നും ഭരണപരിഷ്കരണ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഈ യോഗത്തിന് ശേഷവും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലായെന്ന് വിലയിരുത്തി. ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു |
| 4 | ഉദ്യോഗസ്ഥശേഷി വികസനം - 15/11/2017-ന് കമ്മീഷൻ സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല — അവലോകനം | ചർച്ചകൾ നിർദ്ദേശങ്ങൾ , സംഘാടനം എന്നിവയിൽ ശില്പശാല ഫലപ്രദമായിരുന്നു എന്ന് വിലയിരുത്തി . ഉദ്യോഗസ്ഥശേഷി വികസനം എന്ന വിഷയത്തിലെ കമ്മീഷൻ റിപ്പോർട്ട് അന്തിമമാക്കി ജനുവരി മാസത്തിൽ സർക്കാരിന് സമർപ്പിക്കുന്നതിനായുള്ള ത്വരിത നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു . ഉദ്യോഗസ്ഥശേഷി വികസനവുമായി ബന്ധപ്പെട്ട് നടത്തിയ മറ്റ് സംസ്ഥാനങ്ങളിലെ ട്രെയിനിംഗ് സ്ഥാപനങ്ങളിലെ പഠന സന്ദർശനത്തിൽ നിന്നു ലഭിച്ച ഇൻപുട്ടുകൾ കൂടി കമ്മീഷന്റെ റിപ്പോർട്ടിൽ ഉൾച്ചേർക്കണമെന്നും തീരുമാനിച്ചു. |
| 5 | സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം - 05/12/2017 ന് കമ്മീഷൻ സംഘടിപ്പിച്ച പബ്ലിക്ക് ഹിയറിംഗ് - അവലോകനം. | പബ്ലിക് ഹിയറിംഗ് ഫലപ്രദമായിരുന്നു എന്ന് വിലയിരുത്തി. സംഘടനകളും വ്യക്തികളും നൽകിയ നിർദ്ദേശങ്ങൾ പലതും പരിഗണനാർഹമാണെന്ന് യോഗം വിലയിരുത്തി. |

| | | |
|---|---|---|
| 6 | ക്ഷേമനിയമങ്ങളുടെ അവലോകനം സംബന്ധിച്ച് 13.12.2017 ന് കമ്മീഷൻ സംഘടിപ്പിച്ച ശില്പശാല — അവലോകനം | ശില്പശാല പങ്കാളിത്തം, ചർച്ചകൾ, നിർദ്ദേശങ്ങൾ, സംഘാടനം എന്നിവ കൊണ്ട് ശ്രദ്ധേയമായിരുന്നു എന്ന് വിലയിരുത്തി . ഇത് സംബന്ധിച്ച വിശദമായ അവലോകന റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്ന് തീരുമാനിച്ചു. |
| 7 | മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ട്- ശുപാർശകളുടെ നടപ്പാക്കൽ സംബന്ധിച്ച സി.എം.ഡി. യുടെ പഠനം- ഒന്നാമത് റിപ്പോർട്ട്. | സി.എം.ഡി. സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് വേണ്ടത്ര സമഗ്രമായിട്ടില്ലയെന്ന് വിലയിരുത്തി. അന്തിമ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഇക്കാര്യം കൂടി കണക്കിലെടുത്ത് കൊണ്ട് വ്യക്തവും സമഗ്രവുമായ വിലയിരുത്തലോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സി .എം.ഡി. യോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു. |
| 8 | ക്ഷേമനിയമങ്ങൾ സംബന്ധിച്ച പബ്ലിക് ഹിയറിംഗ് - കേരളത്തിന്റെ മറ്റ് മൂന്ന് മേഖലകളിൽ നടത്തുന്നത് സംബന്ധിച്ച്. | (i) കുടിയേറ്റ തൊഴിലാളികൾ, മുതിർന്ന പൗരൻമാർ എന്നീ വിഭാഗങ്ങളുടെ പഠനം സംബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 2018 ജനുവരി 4 ന് എറണാകുളം ടൗൺ ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു . ഇതിൽ കുട്ടികൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ, മാനസിക രോഗികൾ എന്നീ വിഭാഗങ്ങളുടെ പ്രശ്നങ്ങളും പൊതുജനങ്ങൾക്ക് അവതരിപ്പിക്കാവുന്നതാണെന്ന് തീരുമാനിച്ചു.<br>(ii) മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുടെ പഠനത്തോടനുബന്ധിച്ചുള്ള പബ്ലിക് ഹിയറിംഗ് 2018 ജനുവരി 5 ന് പാലക്കാട് ടൗൺ ഹാളിൽ നടത്തുന്നതിന് തീരുമാനിച്ചു. ഇതിൽ മേൽപ്പറഞ്ഞതിലെ മറ്റ് വിഭാഗങ്ങളിലെ പ്രശ്നങ്ങളിൽ പൊതുജനങ്ങൾക്ക് അവതരിപ്പിക്കാവുന്നതാണെന്നും തീരുമാനിച്ചു.<br>(iii) മാനസികാരോഗ്യം സംബന്ധിച്ച പഠനവുമായി ബന്ധപ്പെട്ട പബ്ലിക് ഹിയറിംഗ് 2018 ജനുവരി 11 ന് കണ്ണൂരിൽ നടത്തുവാൻ തീരുമാനിച്ചു. ഇതിൽ മേൽപ്പറഞ്ഞതിലെ മറ്റ് വിഭാഗങ്ങളിലെ പ്രശ്നങ്ങളിൽ പൊതുജനങ്ങൾക്ക് അവതരിപ്പിക്കാവുന്നതാണെന്നും തീരുമാനിച്ചു.<br>(iv) മേൽപ്പറഞ്ഞ പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിൽ അതത് ജില്ലാ കളക്ടർമാർ മുഖേന ക്രമീകരണങ്ങൾ ചെയ്യണമെന്ന് തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമായത്ര |

| | | |
|---|---|---|
| | | ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ പ്രചരണം സംഘടിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു. |
| 9 | ചെയർമാൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ. | 1) പൗരകേന്ദ്രീകൃത സേവനങ്ങൾ സംബന്ധിച്ച പഠനത്തിന്റെ സങ്കല്പനരേഖ അംഗീകരിച്ചതിന് പ്രകാരം തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചു.<br>2) കമ്മീഷൻ ആസ്ഥാനവും ഓഫീസും ഐ.എം.ജി യിലേക്ക് മാറ്റുന്നത് ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിന് മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി. |

യോഗം 12.30 ന് അവസാനിച്ചു.